**QP CODE: 24018812**

24018812

**Reg No** : .....................

**Name** : .....................

# M A DEGREE (CSS) EXAMINATION , APRIL 2024

## Second Semester

M A MALAYALAM

## CORE - ML010204 - MALAYALA NOVEL

2019 Admission Onwards

1DB1FAC3

Time: 3 Hours | Weightage: 30

**I. എട്ടു ചോദ്യത്തിന് ഓരോ പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. സി.വി.രാമൻപിള്ളയുടെ നോവലുകളെക്കുറിച്ച് ലഘു വിവരണം തയ്യാറാക്കുക
2. ഇന്ദുലേഖ - മലയാളത്തിലെ ആദ്യത്തെ ലക്ഷണമൊത്ത നോവൽ - പ്രസ്താവനയെ വിലയിരുത്തുക
3. രണ്ടിടങ്ങഴി എന്ന നോവലിലെ പ്രമേയം വിവരിക്കുക
4. ഭർത്താവിൻറെ ഘാതകനെ വിവാഹം ചെയ്ത ഉമ്മാച്ചു യാഥാസ്ഥിതികരുടെ മനസ്സിൽ അസ്വസ്ഥത ഉണ്ടാക്കുന്നുണ്ടോ? ചർച്ച ചെയ്യുക
5. ഒററപ്പെടലിൻറെ അഗാധഗർത്തത്തിൽ കഴിഞ്ഞിരുന്ന പാപ്പൻറെ ജീവിതത്തിൽ ഒറോത എന്ന പെൺകുട്ടി കടന്നുവന്നപ്പോൾ ഉണ്ടായ മാററങ്ങൾ വിവരിക്കുക
6. കരിക്കോട്ടക്കരി എന്ന ശീർഷകത്തിൻറെ ഔചിത്യം പരിശോധിക്കുക
7. ഖസാക്കിൻറെ ഇതിഹാസത്തിലെ അപ്പുക്കിളി എന്ന കഥാപാത്രത്തെ പരിചയപ്പെടുത്തുക
8. അംബപാലിയുടെ അവസ്ഥ ആധുനിക ഇന്ത്യൻ സ്ത്രീയവസ്ഥയുമായി താരതമ്യം ചെയ്യുക
9. നാഗരികതയുടെ വേലിയേറ്റം കോക്കാഞ്ചിറയെ ബാധിച്ചതെങ്ങനെ ?
10. നാറാപിള്ള എന്ന കഥാപാത്രത്തെ പരിചയപ്പെടുത്തുക

(8×1= 8 weightage)

**II. ആറു ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

11. "ശ്രീപോർക്കലീഭഗവതിയാണെ ഇന്ദുലേഖയെ ഞാൻ മാധവനു കൊടുക്കുകയില്ല" -

സന്ദർഭം വ്യക്തമാക്കുക

12. രണ്ടിടങ്ങഴി എന്ന ശീർഷകം നോവലിന് എത്രത്തോളം അനുയോജ്യമാണ്?
13. നഗരജീവിതത്തിൻറെ കാപട്യമാണ് "കാല" ത്തിലെ ലളിതയിലൂടെ എം.ടി അവതരിപ്പിക്കുന്നത്. പരിശോധിക്കുക
14. ഏകാന്തതയും അന്യവത്കരണവും നെല്ല് എന്ന നോവലിൽ എപ്രകാരമാണ് ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്
15. ജീവിതത്തോടുള്ള നിസ്സംഗതയും മരണാഭിമുഖ്യവും രവിയുടെ മരണത്തിലൂടെ നോവലിസ്ററ് അവതരിപ്പിക്കുന്നതെങ്ങനെ?
16. "കലാകാരന്മാരും വിദ്വാന്മാരും അവർ കലാകാരന്മാരും വിദ്വാന്മാരുമായതുകൊണ്ട് മാത്രം പീഡിപ്പിക്കപ്പെടുന്നു." നോവലിലെ ഈ പ്രസ്താവന സമകാലികസംഭവങ്ങളെ മുൻനിർത്തി ചർച്ച ചെയ്യുക
17. ഉത്തരാധുനിക നോവലുകളിൽ "ആലാഹയുടെ പെൺമക്കളു"ടെ സ്ഥാനം അടയാളപ്പെടുത്തുക
18. നാറാപിള്ളയുടെ ജാതിവിചാരത്തെ പ്രതിരോധിക്കാൻ നോവലിസ്റ്റ് സ്വീകരിക്കുന്ന മാർഗങ്ങൾ എവ?

(6×2= 12 weightage)

**III. രണ്ടു ചോദ്യത്തിന് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

19. "സഹിക്കാനുള്ളതാണല്ലോ പെണ്ണിൻറെ ജീവിതം" ഉമ്മാച്ചുവിൻറെ ഈ അഭിപ്രായത്തെ നോവൽ സാധൂകരിക്കുന്നതെങ്ങനെ?
20. "സ്ത്രീപുരുഷ ബന്ധത്തിൻറെ വരേണ്യ വഴക്കങ്ങൾ ഒരളവുവരെ എം.ടി.യെ സ്വാധീനിച്ചിട്ടുണ്ട്". കാലത്തെ മുൻനിർത്തി പരിശോധിക്കുക
21. "രാജഭരണത്തിനു പകരം ജനാധിപത്യഭരണം വന്നപ്പോൾ സാഹിത്യം വിദൂഷകനിൽനിന്നി വി.കെ.എൻ. ഏറ്റെടുത്തു.അദ്ദേഹം രാജസേവകന് പുതിയ വ്യാഖ്യാനങ്ങളൊരുക്കി." വിശദീകരിക്കുക
22. നാളിതുവരെ മലയാളനോവൽ മുന്നോട്ടുവച്ച ചരിത്രസമീപനത്തെ ചോദ്യം ചെയ്യുകയും അപനിർമിക്കുകയുമാണ് സമകാലമലയാളനോവൽ ചെയ്യുന്നത്.പരിശോധിക്കുക

(2×5= 10 weightage)